DESPATCHED
On..26/02/2020
10.1.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP. 545(2)/2018/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**

**(ഫയൽ നം. 2314/എസ്.ഐ.സി–ജി 6/18**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി സഫീജ എസ്.,
എ.എ.ഹൗസ്, ചെമ്പൂർ എൽ.പി. എസ്സിനു സമീപം,
മുദാക്കൽ പി.ഒ., തിരുവനന്തപുരം – 695 103. } **അപ്പീൽ ഹർജിക്കാരി**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   സീനിയർ സൂപ്രണ്ട്,
   കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,
   വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
   ഡെപ്യൂട്ടി സെക്രട്ടറി (ഭരണം),
   സെക്രട്ടറിയുടെ കാര്യാലയം,
   കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,
   വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10.10.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 21.10.2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 30.10.2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 13.11.2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 27.12.2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 09.03.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.09.2019– കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു. |

<u>ഉത്തരവ്</u>

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി സഫീജ എസ്., 27.12.2017ന് സമർപ്പിച്ച അപ്പീൽ ഹർജി 09.03.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.545(2)/18/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാകാത്തതിനെ തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും മുഴുവൻ വിവരങ്ങളും ലഭ്യമായില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ്.

3. അപ്പീൽ ഹർജിക്കാരി 10.10.2017ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 21.10.2017ന് നൽകിയ മറുപടിയിൽ ഹർജിക്കാരി ആവശ്യപ്പെട്ട വിവരവുമായി ബന്ധപ്പെട്ട കുറിപ്പ് ഫയലിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 13.11.2017ന് നൽകിയ മറുപടിയിൽ ഹർജിക്കാരിയുടെ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ ടിയാൾ ആവശ്യപ്പെട്ട കുറിപ്പ് ഫയലിന്റെ പകർപ്പ് ഉള്ളടക്കം ചെയ്ത് നൽകിയിട്ടുള്ളതാണെന്നും ആയത് നൽകിയിട്ടില്ല എന്നു പറയുന്നത് അടിസ്ഥാനരഹിതമാണെന്നും ടിയാൾ അപ്പീലിൽ ആവശ്യപ്പെട്ട പ്രകാരം കുറിപ്പ് ഫയലിന്റെ പകർപ്പ് ടിയാൾക്ക് വീണ്ടും നൽകിക്കൊണ്ട് അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. രണ്ടാം എതിർകക്ഷി 13.11.2018ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരിയുടെ അപേക്ഷയിലെ ഒന്നാം നമ്പർ ചോദ്യത്തിൽ ശ്രീ.നിസ്സാം എച്ച്-ന്റെ 16.06.2006 മുതൽ 27.11.2009 വരെയുള്ള ചികിത്സാചെലവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഹർജിക്കാരി അപേക്ഷ സമർപ്പിച്ച സമയത്ത് ടിയാൻ അനധികൃത

മായി ഓഫീസിൽ ഹാജാകാതിരുന്ന കാലയളവായ 10.03.2007 മുതൽ 29.08.2007, 31.08.2007 മുതൽ 27.11.2009വരെയുള്ള കാലയളവുകൾ സേവന പുസ്തകത്തിൽ പുന:ക്രമീകരിച്ചിട്ടുണ്ടോയെന്ന് അവസാനം ജോലി ചെയ്തിരുന്ന ഇലക്ട്രിക്കൽ സർക്കിൾ(അർബൻ)മുഖേന ആരായേണ്ടതുണ്ടായിരുന്നുവെന്നും ആയതിന്റെ വിശദാംശങ്ങൾ 18.11.2017ലാണ് ലഭിച്ചതെന്നുമാണ്. അതിനുശേഷം ജോലിക്ക് ഹാജരാകാത്ത ആൾക്ക് ചികിത്സാചെലവ് ഏത് തരത്തിൽ നൽകണം എന്ന വിഷയത്തെ സംബന്ധിച്ച് ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) 26.09.2018ൽ വിശദീകരണം ആവശ്യപ്പെട്ടുവെന്നും തുടർന്ന് ടി കത്തിന് നൽകിയ വിശദീകരണത്തിന്റെ പകർപ്പ് വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ച പ്രകാരം ശ്രീ.നിസ്സാമിനും ഹർജിക്കാരിയ്ക്കും നൽകിയിട്ടുണ്ടെന്നും കൂടാതെ ടി വിഷയം സംബന്ധിച്ച് ഒരു കത്ത് ശ്രീ.നിസ്സാമിന് 30.10.2018ൽ വീണ്ടും നൽകിയിട്ടുണ്ടെന്നും പ്രസ്തുത ഫയലിൽ മേൽ നടപടികൾ ഒന്നുംതന്നെ ബാക്കിയില്ല എന്നുമാണ് അറിയിച്ചത്. മാത്രമല്ല 2017 ഒക്ടോബർ മുതൽ 2018 ഒക്ടോബർ വരെ നിസ്സാമിനും ഹർജിക്കാരിയും 41 വിവരാവകാശ അപേക്ഷകൾ ടി ഓഫീസിൽ നൽകിയിട്ടുണ്ടെന്നും ആയത് നിശ്ചിത സമയത്തിനുള്ളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്നും ടി ഓഫീസിൽ നിന്നും യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ലെന്നുമാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 24.09.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരിയ്ക്ക് സമയബന്ധിതമായി വിവരങ്ങൾ നൽകിയിട്ടുണ്ടെന്നു കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരി നിരവധി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതും ആയതിനൊക്കെ കൃത്യ സമയത്ത് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. മാത്രമല്ല ടിയാൾ കമ്മീഷനിൽ അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരി ആവശ്യപ്പെട്ട ഫയലിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ പകർപ്പുകൾ ഒന്നുകൂടി ടിയാൾക്ക് നൽകിയിട്ടുണ്ടെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും ഹാജരാക്കിയ

റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി മാസം 10-ാം തീയതി കമ്മീഷൻ ഉത്തരവാകന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/